**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6168** **09-11-2021 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് വകുപ്പിന്റെ അക്വോറിയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഫിഷറീസ് വകുപ്പിന് എത്ര അക്വോറിയങ്ങളുണ്ട്; അവ ഏതെല്ലാമാണെന്നും സംസ്ഥാനത്ത് എവിടെയൊക്കെയാണ് സ്ഥിതിചെയ്യുന്നതെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും, വയനാട് ജില്ലയിലെ കാരാപ്പുഴ, പൂക്കോട് എന്നിവിടങ്ങളിലുമാണ് അക്വേറിയങ്ങൾ സ്ഥിതി ചെയ്യുന്നത് . കൂടാതെ അഡാക്കിൻറെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ വർക്കല ഓടയത്തും, നെയ്യാർഡാമിലുമായി 2 അക്വേറിയങ്ങൾ പ്രവർത്തിക്കുന്നു. ഇതിനു പുറമേ മത്സ്യഫെഡിന്റെ കീഴിൽ കൊല്ലം ജില്ലയിലെ തെൻമല, കോട്ടയം ജില്ലയിലെ നാഗമ്പടം, വൈക്കം എന്നിവിടങ്ങളിലായി 3 അക്വേറിയങ്ങൾ സ്ഥിതി ചെയ്യുന്നു. |
| (ബി) | പ്രസ്തുത അക്വോറിയങ്ങളോടനുബന്ധിച്ച് സന്ദർശകർക്ക് ഗ്ലാസ് അക്വോറിയങ്ങൾ നിർമ്മിച്ചുനൽകുന്നതിനുള്ള വിപണനസംവിധാനം ഏർപ്പെടുത്തുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിൽ തിരുവനന്തപുരം ജില്ലയിൽ വർക്കല ഓടയത്തും, നെയ്യാർഡാമിലുമുള്ള അക്വേറിയങ്ങളിൽ നിന്നും ചെറിയ ഗ്ലാസ് അക്വേറിയങ്ങൾ നിർമ്മിച്ചും മറ്റ് അനുബന്ധ അക്വേറിയം സാമഗ്രികളും വിപണനം നടത്തിവരുന്നു. മറ്റു അക്വേറിയങ്ങളിൽ ഉപഭോക്താക്കളുടെ ആവശ്യാനുസരണം സന്ദർശകർക്ക് ഗ്ലാസ് അക്വേറിയങ്ങൾ നിർമ്മിച്ചു നൽകുന്നതിനുള്ള വിപണനസംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ്കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ അക്വോറിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ